**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - പഞ്ചായത്ത് ജീവനക്കാര്യം - കോട്ടയം ജില്ല - ഈരാറ്റുപേട്ട ഗ്രാമപഞ്ചായത്ത് മുൻ സെക്രട്ടറി ശ്രീ. കെ. മുരളീധരനെതിരായ അച്ചടക്ക നടപടി — തീർപ്പാക്കി — ഉത്തരവ് പുറപ്പെടുവിക്കുന്നു.

==========================================================================

**തദ്ദേശ സ്വയംഭരണ (ഇപിബി) വകുപ്പ്**

സ.ഉ.(സാധാ) നം.2657/2018/തസ്വഭവ തീയതി, തിരുവനന്തപുരം, 16.10.2018

==========================================================================

പരാമർശം: 1. വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ 21.11.2013-ലെ ഇ 5-(വിഇ 4/2011/ഇആർകെ) 13744/2011 നമ്പർ കത്ത്

2. വിജിലൻസ് വകുപ്പിന്റെ 31.12.2013-ലെ 14562/ഡി3/2013/വിജി. നമ്പർ കത്ത്
3. സർക്കാരിന്റെ 11.08.2014-ലെ 5968/ഇപിബി2/2014/തസ്വഭവ നമ്പർ കുറ്റപത്രം
4. സർക്കാരിന്റെ 19.11.2016-ലെ 79/ഇപിബി2/2015/തസ്വഭവ നമ്പർ കാരണം കാണിക്കൽ നോട്ടീസ്
5. ശ്രീ. കെ. മുരളീധരൻ സമർപ്പിച്ച 22.12.2016-ലെ പ്രതിവാദ പത്രിക
6. പഞ്ചായത്ത് ഡയറക്ടറുടെ 28.12.2016-ലെ ഡി3-30694/2014 നമ്പർ കത്ത്
7. സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ 08.06.2018-ലെ A1(1) 1310/18/GW നമ്പർ കത്ത്

**ഉത്തരവ്**

കോമൺ മാര്യേജ് ആക്ട് 2008-ലെ വ്യവസ്ഥകൾ പ്രകാരം വിവാഹം രജിസ്റ്റർ ചെയ്തു നൽകിയതിൽ ലോക്കൽ രജിസ്ട്രാർ ഓഫ് മാര്യേജ് ആയിരുന്ന ഈരാറ്റുപേട്ട ഗ്രാമപഞ്ചായത്ത് സെക്രട്ടറി ശ്രീ. കെ. മുരളീധരനെതിരെ വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ അന്വേഷണം നടത്തി പരാമർശം (1) പ്രകാരം റിപ്പോർട്ട് സമർപ്പിച്ചു. അന്വേഷണത്തിൽ സെയ്തലവി - സജില എന്നിവരുടെയും മുഹമ്മദ് അഷ്റഫ് - ജിഷാ സലാം എന്നിവരുടെയും വിവാഹ രജിസ്ട്രേഷൻ, നടപടി പാലിക്കാതെ രജിസ്റ്റർ ചെയ്തു സർട്ടിഫിക്കറ്റ് നൽകി എന്ന് കണ്ടെത്തുകയുണ്ടായി. വിജിലൻസ് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ശ്രീ. കെ. മുരളീധരനെതിരെ പരാമർശം (3) പ്രകാരം കുറ്റപത്രം നൽകി അച്ചടക്ക നടപടി സ്വീകരിച്ചു വരവേ ടിയാൻ 31.12.2014-ന് സേവനത്തിൽ നിന്നും വിരമിച്ചതിനാൽ കെ.എസ്.ആർ. ഭാഗം 3 ചട്ടം 3(എ) പ്രകാരം ടിയാന്റെ പ്രതിമാസ പെൻഷനിൽ നിന്നും 300/- രൂപ വീതം ഒരു വർഷത്തേയ്ക്ക് കുറവു ചെയ്യാൻ താൽക്കാലിക തീരുമാനമെടുത്ത് പരാമർശം (4) പ്രകാരം കാരണം കാണിക്കൽ നോട്ടീസ് നൽകുകയും ആയതിന് ശ്രീ. കെ. മുരളീധരൻ പരാമർശം (5) പ്രകാരം സമർപ്പിച്ച മറുപടിയിൽ നേരിൽ കേൾക്കുന്നതിന് അവസരം നൽകണമെന്ന് അഭ്യർത്ഥിച്ചതിന്റെ അടിസ്ഥാനത്തിൽ ശ്രീ. കെ. മുരളീധരനെ നേരിൽ കേട്ടു.

2008- ലെ കോമൺ മാര്യേജ് ആക്ട് പ്രകാരം വധൂവരന്മാർ ലോക്കൽ രജിസ്ട്രാർ മുമ്പാകെ നേരിട്ട് വന്ന് ഒപ്പിട്ടതിനു ശേഷമേ രജിസ്ട്രാർ സർട്ടിഫിക്കറ്റ് നൽകാവൂവെന്നും എന്നാൽ ലോക്കൽ രജിസ്ട്രാർക്ക് അന്വേഷണം നടത്തി ബോധ്യം വന്നാൽ വിവാഹം രജിസ്റ്റർ ചെയ്ത് നൽകാമെന്നും രജിസ്റ്ററിൽ വധൂവരന്മാർ ഒപ്പിടണമെന്നും ഒപ്പിട്ടതിനു ശേഷം മാത്രമേ സർട്ടിഫിക്കറ്റ് നൽകാൻ പാടുള്ളൂവെന്നും പള്ളിയിൽ നിന്നുള്ള വിവാഹ സർട്ടിഫിക്കറ്റ്, വയസ്സ് തെളിയിക്കുന്നതിനുള്ള രേഖകൾ എന്നിവ പരിശോധിച്ച് ബോധ്യം വന്നതിനുശേഷമാണ് രജിസ്റ്റർ ചെയ്യുന്നതെന്നും ഇത് രണ്ടും ബോധ്യപ്പെട്ടതിനു ശേഷമാണ് രജിസ്റ്റർ ചെയ്തു നൽകിയതെന്നും ഒരേ സമയം ഭാര്യയും ഭർത്താവും ഒപ്പിടാൻ പറ്റാത്ത സാഹചര്യം ഉണ്ടായത് ഇവർ രണ്ടുമൂന്നു പ്രാവശ്യം ഓഫീസിൽ ഈ ആവശ്യത്തിനായി വന്നുവെങ്കിലും മാര്യേജ് രജിസ്റ്റർ സെക്ഷൻ ക്ലർക്കായിരുന്ന ശ്രീ. ഷാജിയുടെ കൈവശമായിരുന്നതിനാലുമാണെന്നും മാര്യേജ് രജിസ്ട്രേഷൻ മെമ്മോറാണ്ടത്തിൽ (form 3) തന്റെ presence- ൽ രണ്ടുപേരും ഒപ്പിട്ടിട്ടാണ് അപേക്ഷ നൽകിയതെന്നും ഈ മാര്യേജ് രജിസ്റ്റർ ഇപ്പോൾ പഞ്ചായത്തിലില്ലെന്നും കംപ്യൂട്ടറിൽ എൻട്രി വരുത്തിയതിനു ശേഷം രജിസ്റ്റർ കാണുന്നില്ലെന്നും ടിയാൻ ബോധിപ്പിച്ചിട്ടുണ്ട്. നിലവിൽ പഞ്ചായത്ത് മുനിസിപ്പാലിറ്റിയാക്കിയിട്ടുണ്ടെന്നും തനിയ്ക്ക് പെൻഷൻ ആനുകൂല്യങ്ങൾ നാളിതുവരെ ലഭിച്ചിട്ടില്ലെന്നും ആയതിനാൽ ശിക്ഷണനടപടികളിൽ നിന്നും തന്നെ ഒഴിവാക്കി പെൻഷൻ ആനുകൂല്യങ്ങൾ അനുവദിക്കണമെന്നും ശ്രീ. മുരളീധരൻ അഭ്യർത്ഥിച്ചിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 2008- ലെ കോമൺ മാര്യേജ് ആക്ടിൽ മാര്യേജ് രജിസ്ട്രാറുടെ ചുമതലകൾ, വിവാഹം രജിസ്ട്രേഷൻ നടത്തേണ്ടവിധം, സർട്ടിഫിക്കറ്റ് നൽകൽ എന്നിവ പ്രതിപാദിച്ചിട്ടുണ്ട്. 2008- ലെ കോമൺ മാരേജ് ആക്ട് പ്രകാരം എല്ലാ വിവാഹങ്ങളും രജിസ്റ്റർ ചെയ്തിരിക്കണം എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. പ്രസ്തുത ആക്ടിലെ ചട്ടം 5 പ്രകാരം ലോക്കൽ രജിസ്ട്രാർ ഓഫ് മാര്യേജസ് (കോമൺ) എന്ന ഉദ്യോഗസ്ഥനെ ഈ വിവാഹം രജിസ്റ്റർ ചെയ്യുന്നതിന് നിയോഗിച്ചിട്ടുണ്ട്. ചട്ടം 7 പ്രകാരം വിവാഹം നടന്ന സ്ഥലത്തെ ലോക്കൽ രജിസ്ട്രാർ മുൻപാകെ വിവാഹം രജിസ്റ്റർ ചെയ്തിരിക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ചട്ടം 8 പ്രകാരം ഫോം 111 - ൽ വിവാഹം രജിസ്റ്റർ സൂക്ഷിക്കുന്നതിന് ലോക്കൽ രജിസ്ട്രാറെ ചുമതലപ്പെടുത്തിയിട്ടുണ്ട്. വിവാഹിതരായ രണ്ടുപേരും ഒപ്പിട്ട് ഫോം 1 ൽ ലോക്കൽ രജിസ്ട്രാർ മുൻപാകെ രജിസ്റ്റർ ചെയ്തിരിക്കണമെന്ന് ചട്ടം 9 നിഷ്കർഷിക്കുന്നുണ്ട്. ഇപ്രകാരം രജിസ്റ്റർ ചെയ്തു കഴിഞ്ഞാൽ ലോക്കൽ രജിസ്ട്രാർ അന്വേഷണം നടത്തി അത് സത്യമാണെന്ന് ബോധ്യപ്പെട്ടതിനുശേഷം മാര്യേജ് രജിസ്റ്ററിൽ അത് സംബന്ധമായ എൻട്രി വരുത്തണം. അതിനു ശേഷം 5 ദിവസങ്ങൾക്കുള്ളിൽ മാര്യേജ് സർട്ടിഫിക്കറ്റ് നല്കിയിരിക്കണം എന്നും വ്യവസ്ഥ ചെയ്തിട്ടുമുണ്ട്. ചട്ടം 11 വധൂവരൻമാരുടെ ഒപ്പ സഹിതമാണ് വിവാഹം രജിസ്റ്റർ ചെയ്യേണ്ടത് എന്ന നിയമം വ്യക്തമാക്കിയിരിക്കെ അതിൽ ഒരാളുടെ ഒപ്പില്ലാതെയുള്ള രജിസ്ട്രേഷൻ പ്രസ്തുത ആക്ടിന്റെ ചട്ടം 9-ന്റെ ലംഘനമാണ്. ഈ ചട്ടലംഘനത്തിന് ടിയാൻ നൽകിയിരിക്കുന്ന വിശദീകരണം തൃപ്തികരമല്ല. പ്രസ്തുത ആക്ടിലെ ചട്ടം 8- ൽ നിഷ്കർഷിക്കുന്ന ഫോം 111 - ൽ തന്റെ സാന്നിധ്യത്തിൽ വധുവരന്മാർ ഒപ്പിട്ടിട്ടുള്ളതാണെന്നും വരൻ 3 മാസങ്ങൾക്ക് ശേഷമാണ് ഒപ്പിട്ടതെന്നും ഈ രജിസ്റ്റർ ഇപ്പോൾ പഞ്ചായത്തിൽ ലഭ്യമല്ല എന്നും ഈ പഞ്ചായത്ത് ഇപ്പോൾ മുനിസിപ്പാലിറ്റിയായി മാറിയിട്ടുണ്ടെന്നും അറിയിച്ചിട്ടുള്ളത് തൃപ്തികരമായ മറുപടിയല്ല. പഞ്ചായത്ത് ഡയറക്ടറും ടിയാന്റെ നടപടി ചട്ട വിരുദ്ധമാണെന്ന് പരാമർശം (6) പ്രകാരം റിപ്പോർട്ട് ചെയ്തിരിക്കുന്നു. മേൽ വിവരങ്ങളുടെ അടിസ്ഥാനത്തിൽ വിവാഹം രജിസ്റ്റർ ചെയ്ത സർട്ടിഫിക്കറ്റ് നല്കിയ കാര്യത്തിൽ ചട്ട ലംഘനം നടത്തിയിട്ടുള്ളതായി കാണുന്നു. ആയതിനാൽ സേവനത്തിൽ നിന്നും വിരമിച്ച ശ്രീ. കെ. മുരളീധരന്റെ പെൻഷനിൽ നിന്ന് പ്രതിമാസം 300/- രൂപ വീതം ഒരു വർഷത്തേയ്ക്ക് കുറയ്ക്കണമെന്ന താൽക്കാലിക തീരുമാനം സ്ഥിരപ്പെടുത്തുവാൻ തീരുമാനിക്കുകയും ഇക്കാര്യം സ്ഥിരപ്പെടുത്തുന്നതിന് മുൻപ് കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ ഉപദേശം ആരായുകയും കമ്മീഷൻ പരാമർശം (7) പ്രകാരം സർക്കാരിന്റെ ടി താൽക്കാലിക തീരുമാനത്തോട് യോജിപ്പ് രേഖപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ സേവനത്തിൽ നിന്നും വിരമിച്ച ഈരാറ്റുപേട്ട ഗ്രാമപഞ്ചായത്ത് മുൻ സെക്രട്ടറി ശ്രീ. കെ. മുരളീധരന്റെ പ്രതിമാസ പെൻഷനിൽ നിന്നും 300/- രൂപ വീതം ഒരു വർഷത്തേയ്ക്ക് കുറയ്ക്കണമെന്ന താൽക്കാലിക തീരുമാനം സ്ഥിരപ്പെടുത്തി അച്ചടക്ക നടപടി തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു. പഞ്ചായത്ത് ഡയറക്ടർ ഇക്കാര്യത്തിൽ ആവശ്യമായ തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**എസ്. മോഹൻദാസ്**
അഡീഷണൽ സെക്രട്ടറി

1. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
2. ശ്രീ. കെ. മുരളീധരൻ, മുൻ സെക്രട്ടറി, ഈരാറ്റുപേട്ട ഗ്രാമപഞ്ചായത്ത്
(പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം മുഖേന)
3. സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)
4. ഡയറക്ടർ, വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ, തിരുവനന്തപുരം
5. അക്കൗണ്ടന്റ് ജനറൽ (എ&ഇ)/(ആഡിറ്റ്), കേരള, തിരുവനന്തപുരം/തൃശ്ശൂർ
6. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോട്ടയം
7. ഡയറക്ടർ, ഐകെഎം, തിരുവനന്തപുരം
8. വിജിലൻസ് വകുപ്പ് (യു.ഒ റിമാർക്സ് നം.ഡി3/100/2017/വിജി. തീയതി 25.10.2017 പ്രകാരം)
9. വെബ് & ന്യൂ മീഡിയ, സൗത്ത് ബ്ലോക്ക്, ഗവ. സെക്രട്ടേറിയറ്റ്, തിരുവനന്തപുരം
10. കരുതൽ ഫയൽ/ഓഫീസ് കോപ്പി (ഫയൽ നം.ഇപിബി2/79/2015/തസ്വഭവ)

ഉത്തരവിൻ പ്രകാരം
സെക്ഷൻ ഓഫീസർ